78588

അതുപ്രകാരം ഈ പദ്ധതികൊണ്ട് ഉദ്ദേശം 40,000 ഏക്കർ സ്ഥലത്തു് ജല സേചനം നടത്താമെന്ന കണക്കാക്കിയിട്ടുണ്ട്. ഇതിൽനിന്നും വിദ്യുച്ഛക്തി ഉൽപാദിപ്പിക്കാമോ എന്ന കാര്യം അന്വേഷിച്ചിട്ടില്ല.

സീഐലണ്ട് പരുത്തി

* 172. [30] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീഐലണ്ട് പരുത്തിക്കു് അഡ്വാൻസുവില നൽകാൻ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) കിലോഗ്രാമിനു് എത്രവീതം നൽകാൻ ഉത്തരവു് നൽകിയിട്ടുണ്ട്, എപ്പോൾ മുതൽ അഡ്വാൻസുവില കൊടുത്തുതുടങ്ങും ;

(സി) മെച്ചപ്പെട്ട മാക്റോവില ലഭിക്കാൻ എന്തെല്ലാം നടപടികളും എടുത്തിട്ടുണ്ട് ;

(ഡി) ഈ കൊല്ലത്തെ പരുത്തിയുൽപ്പാദനം എത്രയായിരിക്കും ?

ക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) അഡ്വാൻസുവില നൽകുന്നതിനായി രണ്ടുലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്.

(ബി) ഒരു കിലോഗ്രാം കപ്പാസിനു് ഒരു രൂപാ അമ്പതു നയാപൈസ വീതം നൽകുവാൻ ഉത്തരവു് നൽകിയിട്ടുണ്ട്. പ്രസ്തുത അഡ്വാൻസു് കഴിഞ്ഞ മാസം മുതൽ കൊടുത്തുതുടങ്ങി.

(സി) മെച്ചപ്പെട്ട വില കിട്ടുന്നതിലേക്കു് 'ഡിസ്പോസൽകമ്മിറ്റി' എന്നൊരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഒന്നാം നമ്പർ പഞ്ഞിയും രണ്ടാം നമ്പർ പഞ്ഞിയും എന്തു വില വച്ചെടുക്കാമെന്നുള്ളതിനു് ഇൻഡ്യയിലെ പ്രധാനപ്പെട്ട മിൽ ഉടമകളിൽനിന്നും ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇക്കൊല്ലം ഉദ്ദേശം ഒന്നേകാൽ ലക്ഷം കിലോഗ്രാം പരുത്തി ലഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

മലബാർ ജില്ലാബോർഡിൻകീഴിലുണ്ടായിരുന്ന ആയുർവ്വേദ ഡിസ്പെൻസറികൾ

* 173. [33] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ജില്ലാബോഡ് നിറുത്തലാക്കിയപ്പോൾ ബോർഡിൻ കീഴിലുണ്ടായിരുന്ന ആയുർവ്വേദ ഡിസ്പെൻസറികൾ ഗവണ്മെൻറു് ഏറ്റെടുക്കുകയുണ്ടായോ ;

(ബി) അത്തരം സ്ഥാപനങ്ങളിലെ വൈദ്യന്മാർക്കു് മറ്റു ഗവണ്മെൻറു് ആയുർവ്വേദ ഡിസ്പെൻസറികളിലെ വൈദ്യന്മാർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ ;

(സി) അത്തരം സ്ഥാപനങ്ങളിലെ വൈദ്യന്മാരിൽനിന്നും ഗവണ്മെൻറിലേക്കു് വല്ല നിവേദനവും ലഭിക്കുകയുണ്ടായോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടികൾ എടുത്തു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) മലബാർ ജില്ലാ ബോർഡിൻറെ കീഴിലുണ്ടായിരുന്ന മൂന്നു റഗുലർ ഡിസ്പെൻസറികളും 1957-ൽ ആയുർവ്വേദ ഡിപ്പാർട്ടുമെൻറു് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാബോർഡു് നിറുത്തലാക്കിയപ്പോൾ അതിൻറെ കീഴിലുണ്ടായിരുന്ന 42 സബ്സിഡൈസ്ഡു് ഡിസ്പെൻസറികളും ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1